# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 351

27-09-2011-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഏത് തരത്തിൽ, എന്ന് മുതൽ നടപ്പിൽ വരും എന്ന് വ്യക്തമാക്കുമോ ; | (എ) ചാർജ് വർദ്ധന ഇപ്പോൾ പരിഗണനയിലില്ല. 2011-12 സാമ്പത്തിക വർഷത്തിലെ ബോർഡിൻെറ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചുള്ള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ ഉത്തരവിൽ ബോർഡിൻെറ റവന്യൂ കമ്മി 887.81 കോടി രൂപയായി കണ്ടെത്തിയിരുന്നു റവന്യൂ കമ്മി നികത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കണമെന്ന് കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കേണ്ട നിർദ്ദേശത്തിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| (ബി) പോസ്റ്റ് ഇല്ലാത്തതുമൂലം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ടാർജറ്റ് പ്രകാരം പോസ്റ്റ് ആവശ്യമുള്ള 8,385 കണക്ഷനുകൾ മാത്രമേ നൽകുവാനുള്ളൂ. |
| (സി) പോസ്റ്റിന്റെ ക്ഷാമം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) ഉത്തരമേഖലയിലാണ് പോസ്റ്റിൻെറ ക്ഷാമം പ്രധാനമായും അനുഭവപ്പെടുന്നത്. പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് പുതുതായി കരാറുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ